## ബാലകേരളീയം

# പർവതങ്ങൾ നിരപ്പാവുന്നതെങ്ങനെ

**ചൈനീസ് കഥ    മൊഴിമാറ്റം: അനിത**

**താ**യ്ഹാങ്, വാങ്ഹു എന്നീ പർവതനിരകൾക്കു തൊട്ടരികിൽ ഒരു കൊച്ചു കുടിലുണ്ടായിരുന്നു. ആ കുടിലിൽ തൊണ്ണൂറ് വയസുള്ള ഒരു വൃദ്ധനും കുടുംബവും താമസിച്ചിരുന്നു. ആളുകൾ വൃദ്ധനെ 'വിഡ്ഢിയായ കിഴവൻ' എന്നാണ് വിളിച്ചിരുന്നത്. എല്ലാവരും തന്നെ വിഡ്ഢിയെന്നു വിളിക്കുന്നതിൽ വൃദ്ധനു തെല്ലും പരിഭവമുണ്ടായിരുന്നില്ല. വൃദ്ധനെ അലട്ടിക്കൊണ്ടിരുന്ന പ്രശ്നം മറ്റൊന്നായിരുന്നു. തന്റെ കൊച്ചുകുടിലിന് അഭിമുഖമായി വിലങ്ങനെ കിടക്കുന്ന പർവതനിരകൾ കാരണം കുടിലിനു പുറത്തിറങ്ങാനോ പർവതനിരകൾക്കപ്പുറത്തുള്ള ഹാൻ നദീതീരത്തെ ഗ്രാമത്തിലേക്കു പോകാനോ വൃദ്ധനു കഴിയാതെയായി. അതിനാൽ അതിനൊരു പോംവഴി കണ്ടെത്തണമെന്ന് അയാൾ തീരുമാനിച്ചു. ഒരുദിവസം വൃദ്ധൻ വീട്ടിലുള്ളവരെയെല്ലാം വിളിച്ചിരുത്തി പറഞ്ഞു.

"ഈ പർവതനിരകൾ വളരെ അസൗകര്യം തന്നെ. അതിനാൽ നമുക്കൊത്തുചേർന്ന് ഈ പർവതങ്ങൾ ഇടിച്ചുനിരപ്പാക്കി ഹാൻ നദീതീരത്തേക്ക്. നല്ലൊരു വഴി വെട്ടിയുണ്ടാക്കണം.."

വൃദ്ധന്റെ അഭിപ്രായം ഭാര്യയ്ക്കൊഴികെ മറ്റെല്ലാവർക്കും സ്വീകാര്യമായി. എന്നാൽ ഭാര്യ പറഞ്ഞു.

"എന്തൊരു വിഡ്ഢിത്തമാണ് നിങ്ങളീപ്പറയുന്നത്. മനുഷ്യരെക്കൊണ്ട് കഴിയുന്ന കാര്യമാണോ ഇതൊക്കെ. ചെറിയൊരു കുന്നുപോലും നിരപ്പാക്കാൻ നമുക്ക് കഴിയില്ല. പിന്നെയല്ലേ ഈ കൂറ്റൻ പർവതങ്ങൾ. ഈ പർവതങ്ങൾ നിരപ്പാക്കാൻ തുടങ്ങീന്നു തന്നെ വച്ചോളൂ. എന്നാലും ഇത്രയധികം കല്ലും മണ്ണും പാറകളുമൊക്കെ നമ്മൾ എവിടെ കൊണ്ടുപോയിടും.." അതുകേട്ട് വൃദ്ധൻ നിസ്സാരമട്ടിൽ പറഞ്ഞു.

"ഓ.. അതാണോ, അതൊരു നിസ്സാര കാര്യമല്ലേ. അതൊക്കെ കുട്ടയിലാക്കി ചുമന്നു കടലിൽ കൊണ്ടുപോയിടും..."

അങ്ങനെ വൃദ്ധനും വൃദ്ധന്റെ ഏക മകനും മകന്റെ മകനുമടങ്ങിയ കൊച്ചു സംഘം മൺവെട്ടിയും പിക്കാസും മറ്റായുധങ്ങളുമായി പർവതങ്ങൾ ഇടിച്ചു നിരപ്പാക്കാനായി ഇറങ്ങി. ഓരോ ദിവസവും കിളച്ചു കിട്ടുന്ന പാറകളും കല്ലും മണ്ണുമെല്ലാം അവർ തന്നെ കുട്ടയിലാക്കി ചുമന്ന് കടലിൽ കൊണ്ടുപോയി ഇട്ടു.

അവരുടെ ഈ പ്രവൃത്തി കണ്ട് വൃദ്ധന്റെ അയൽക്കാരിയും വിധവയുമായ ജിംങ്ങിന്റെ എട്ടുവയസ് പ്രായമുള്ള മകനും അവരോടൊപ്പം കൂടി. അങ്ങനെ ആ നാൽവർ സംഘം ഉത്സാഹത്തോടെ മാസങ്ങളോളം ജോലി തുടർന്നു.

അങ്ങനെയിരിക്കെ ഹാൻ നദീതീരത്ത് താമസിച്ചിരുന്ന മഹാപണ്ഡിതൻ ഈ വിവരം അറിയാനിടയായി. വൃദ്ധനേയും സംഘത്തേയും എങ്ങനെയെങ്കിലും ഈ വിഡ്ഢിത്തത്തിൽ നിന്നും പിന്തിരിപ്പിക്കേണ്ടത് മഹാജ്ഞാനിയായ തന്റെ കടമയാണെന്ന് അയാൾ ചിന്തിച്ചുറച്ചു. അങ്ങനെ അയാൾ പർവതങ്ങൾ കിളച്ചു മാറ്റിക്കൊണ്ടിരിക്കുന്ന ആ നാൽവർ സംഘത്തിന്റെ അടുക്കലെത്തി അവരെ തടഞ്ഞുകൊണ്ടു പറഞ്ഞു. "ഹേയ്.. എന്തൊരു മടയത്തരമാണ് നിങ്ങളീ കാണിക്കുന്നത്. വൃദ്ധനും അവശനുമായ നിങ്ങൾക്കു മരിക്കുന്നതിനിടയിൽ ഈ പർവതനിരയുടെ ഒരംശമെങ്കിലും നീക്കാൻ കഴിയുമോ.. പിന്നെയല്ലേ മുഴുവൻ നിരപ്പാക്കി പാത വെട്ടുന്നത്.... മതി... മതി.. ഈ വിഡ്ഢിത്തം ഇനിയെങ്കിലും നിർത്തൂ..."

ആ മഹാപണ്ഡിതന്റെ വാക്കുകൾ കേട്ട് വൃദ്ധൻ ഒന്നു നിവർന്നുനിന്നു. പിന്നീട് അയാളെ നോക്കി ദീർഘമായി നിശ്വസിച്ചുകൊണ്ട് പറഞ്ഞു.

"ഓ... കഷ്ടം... മഹാപണ്ഡിതനായ നിങ്ങൾക്ക് വിധവയുടെ ഈ കൊച്ചുകുട്ടിയോളം തിരിച്ചറിവും ബുദ്ധിയും ഇല്ലാതെ പോയല്ലോ... വൃദ്ധനായ ഞാൻ മരിച്ചുപോകാം... എന്നാൽ, എന്റെ മകനെ ഇവിടെ വിട്ടിട്ടില്ലേ ഞാൻ പോകുന്നത്. എന്റെ മകനും ഒരു നാൾ വൃദ്ധനാവുകയും മരിച്ചു പോകുകയും ചെയ്യും. എന്നാൽ അവനും അവന്റെ മകനെ ഇവിടെ വിട്ടിട്ടല്ലേ പോകുന്നത്. അങ്ങനെ തലമുറകൾ അവസാനമില്ലാതെ വളർന്നു വലുതാകുന്നു. എന്നാൽ, ഈ പർവതനിരകൾ ഒരിക്കലും വളർന്നു വലുതാകുന്നില്ലല്ലോ. അതിനാൽ എന്നെങ്കിലും ഈ പർവതങ്ങൾ നിരപ്പാവുകയും പുതിയൊരു പാത പുതിയൊരു തലമുറയ്ക്കായി തെളിയുകയും ചെയ്യും..."

വൃദ്ധന്റെ വാക്കുകൾക്ക് ആ മഹാപണ്ഡിതന് മറുപടി ഇല്ലായിരുന്നു.